**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** | **10-06-2024 - ൽ മറുപടിയ്ക്ക്**

**അരുക്കുറ്റി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ അരുകുറ്റി കുടുംബാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിൽ അരുകുറ്റി കുടുംബാരോഗ്യ കേന്ദ്രത്തിൽ 50% എം.എൽ.എ ഫണ്ടും 50% കിഫ്ബി ഫണ്ടും തുല്യമായി ഉപയോഗിച്ച് ഒരു ഐസോലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കെട്ടിടത്തിനായി 1,31,65,248/- രൂപയും ഉപകരണങ്ങൾക്ക് 44,31,500/-രൂപയും ചേർത്ത് ആകെ 1,75,96,748/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും നിർമ്മാണം ഏറ്റെടുത്ത ഏജൻസി ഏതെന്നും വിശദമാക്കാമോ; | (ബി) | തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മാണ ഏജൻസിയായ പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലം 28.04.2022 ൽ കൈമാറിയിരുന്നുവെങ്കിലും തടസ്സങ്ങൾ മാറ്റി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 10.09.2022 ലാണ് |
| (സി) | പ്രസ്തുത നിർമ്മാണത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി കെ.എം.എസ്.സി.എൽ -ഉം നിർവ്വഹണ ഉദ്യോഗസ്ഥൻ കെ.എം.എസ്.സി.എൽ മാനേജിംഗ് ഡയറക്ടറുമാണ്. |
| (ഡി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണപ്രവൃത്തികൾ ഒരു വർഷമായി നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനത്തിനായി സാധന സാമഗ്രികളുടെ കുറവ് ഉണ്ടായിരുന്നെങ്കിലും അത് പരിഹരിച്ച് ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നും തടസ്സങ്ങൾ ഉണ്ടായതിനെത്തുടർന്ന് പ്രവൃത്തികൾ പൂർത്തിയാക്കാനായി കരാർ കാലാവധി ഉപാധികളോടെ 30.06.2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ